# കേരള സംസ്ഥാന ശിശുക്ഷേമ സമിതി

തൈയ്ക്കാട്, തിരുവനന്തപുരം - 695 014

ഫോൺ : 0471-2324932, 2324939 ഫാക്സ് : 91-0471-2321963

ഇ-മെയിൽ: childwelfarekerala@gmail.com


## ശിശുദിന സ്റ്റാമ്പിനുള്ള ചിത്രരചനകൾ ക്ഷണിക്കുന്നു

ഈ വർഷത്തെ (2013) ശിശുദിനസ്റ്റാമ്പിനു അനുയോജ്യമായ ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനു 9 വയസ്സു മുതൽ 16 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും സംസ്ഥാന ശിശുക്ഷേമ സമിതി ചിത്രരചനകൾ ക്ഷണിച്ചുകൊള്ളുന്നു. ചിത്രങ്ങൾക്കു ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റു ഇവയിൽ ഏതെങ്കിലും ഒന്നു ഉപയോഗിക്കാവുന്നതാണ്. പേപ്പറിന്റെ വലിപ്പം 12 സെന്റീ മീറ്റർ നീളവും 9 സെന്റീ മീറ്റർ വീതിയും ആയിരിക്കണം. മത്സരത്തിനു പ്രത്യേക വിഷയം ഇല്ല. സ്റ്റാമ്പിന്റെ വലിപ്പത്തിലേയ്ക്ക് ചിത്രം ചെറുതാക്കുന്നതു മൂലം വിശദാംശങ്ങൾ അസ്പഷ്ടമാകാൻ ഇടയുള്ളതുകൊണ്ട് ചിത്രത്തിനു തെരഞ്ഞെടുക്കേണ്ട നിറം, പശ്ചാത്തല രേഖകൾ ഇവ കൂടുതൽ സങ്കീർണ്ണമാകാതിരിക്കാൻ ശ്രദ്ധിക്കണം. തെരഞ്ഞെടുത്ത ചിത്രം വരച്ച വിദ്യാർത്ഥിക്കു സമ്മാനവും സമ്മാനാർഹമായ വിദ്യാർത്ഥി പഠിക്കുന്ന സ്കൂളിനു റോളിംഗ് ട്രോഫിയും നൽകുന്നതാണ്. ചിത്രത്തിന്റെ വിഷയം, വിദ്യാർത്ഥിയുടെ പേര്, വയസ്സ്, മേൽവിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ ചിത്രത്തിന്റെ മറുപുറത്ത് എഴുതി സ്കൂളിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് സാക്ഷ്യപ്പെടുത്തിയ ചിത്രരചനകൾ ഇൻചാർജ്ജ് ഓഫീസർ കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ 2013 ആഗസ്റ്റ് 31 -ാം തീയതിക്കകം ലഭ്യമാക്കേണ്ടതാണ്.

പുറത്തെഴുത്ത് നം.ബി/2647/2013 തീ/14/8/2013 ഉപ ജില്ലാ വിദ്യാ. ഓഫീസർ, തളിപ്പറമ്പ് നോർത്ത്

പകർപ്പ് എല്ലാ പ്രധാനാദ്ധ്യാപകരുടെ അറിവിലേക്കും തുടർ നടപടിക്കുമായി അയക്കുന്നു.

ഉപ ജില്ലാ വിദ്യാഭ്യാസഓഫീസർ,
തളിപ്പറമ്പ് നോർത്ത്